Official Monthly Bulletin January 2017

# MARIAN



**St. Mary's Indian Orthodox Cathedral**
P.O. Box 834, Manama, Kingdom of Bahrain Tel: 17252980 Fax: 17276092
E-mail : stmarys@stmarybahrain.com,Website: www.stmarybahrain.com

www.facebook.com/smiocbh



Nirmalagiri Aramana, Poomala,
Sulthan Bathery P.O
Wayanad- 673592
Tel: 04936 220969
Email:nirmalagiribathery@hotmail.com

നമുക്കെത്രയും പ്രിയപ്പെട്ടിരിക്കുന്ന ബഹറിൻ സെൻറ് മേരീസ് കത്തീഡ്രൽ വികാരിയും, സഹവികാരിയും, മാനേജിംഗ് കമ്മറ്റിയംഗങ്ങളും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

കർത്താവിൽ പ്രിയരെ,

ക്രിസ്തുമസിൻെറ പുണ്യദിനങ്ങളിലൂടെ പുതുവർഷത്തെ എതിരേൽക്കുവാൻ നാം ഒരുങ്ങുകയാണല്ലോ. അക്രമത്തിൻേറയും അനീതിയുടേയും ഈ കാലത്ത് ക്രിസ്തുമസ് ശാന്തിയുടെയും സമാധാനത്തിൻെറയും ഓർമ്മയുണർത്തുന്നു. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനം" എന്ന സ്വർഗ്ഗത്തിൻെറ ആശംസ സ്വീകരിച്ചുകൊണ്ട് ഭൂമിയിൽ സമാധാനത്തിൻെറ വിത്തു വിതയ്ക്കുവാൻ ക്രിസ്ത്യാനികളായ ഏവർക്കും ഉത്തരവാദിത്തമുണ്ട്.

സ്നേഹത്തിൻെറ ഉത്സവമാണ് ക്രിസ്തുമസ്. ദൈവം ഭൂമിയെ സ്നേഹിക്കുന്നതിൻെറ ഓർമ്മപ്പെടുത്തലാണ് ദൈവത്തിൻെറ മനുഷ്യാവതാരം. പാപത്തിൻെറ വരണ്ട ഭൂമിയിൽ ദൈവസ്നേഹത്തിൻെറ കുളിർമഴ പെയ്തിറങ്ങിയ ദിവസമാണ് ക്രിസ്തുമസ്. നാം ഇന്ന് ആഘോഷിക്കുന്ന ക്രിസ്തുമസ് സന്തോഷത്തിൻെറ ദിനങ്ങൾ സമ്മാനിക്കുന്നുവെങ്കിൽ ആദ്യത്തെ ക്രിസ്തുമസ് വളരെയധികം സംഘർഷങ്ങൾ നിറഞ്ഞ ദിനങ്ങളായിരുന്നു. പരസ്യമായി പറഞ്ഞോ പങ്കുവച്ചോ പരിഹാരം കാണുവാൻ ബുദ്ധിമുട്ടുള്ള ആന്തരിക സംഘർഷങ്ങൾ ആയിരുന്നു ക്രിസ്തുമസുമായി ബന്ധപ്പെട്ടവരൊക്കെ അനുഭവിച്ചത്. എന്നാൽ അന്നത്തെ സംഘർഷവും സഹനവുമൊക്കെ ദൈവിക പദ്ധതിയുടെ ഭാഗമായതുകൊണ്ടും ദുരന്തപര്യവസായിയാകാതെ സാഫല്യം കണ്ടതുകൊണ്ടുമാണ് ക്രിസ്തുമസ് സന്തോഷത്തിൻെറ ആഘോഷമായി മാറിയത്. സംഘർഷങ്ങളെ എങ്ങനെ സന്തോഷങ്ങളാക്കി മാറ്റാം എന്ന് ക്രിസ്തുമസിൻെറ അർത്ഥതലങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

ക്രിസ്തുമസ് വളരെ കാലികവും പ്രസക്തവുമായ ഒരു സന്ദേശമാണ് നമുക്ക് നൽകുന്നത്. നമ്മുടെ ജീവിതത്തിലും പലപ്പോഴും അപ്രതീക്ഷിതമായ സമയത്തും രീതിയിലും ചില സംഭവങ്ങളെ നാം നേരിടുന്നു. ഉത്തരം കിട്ടാത്ത ചോദ്യങ്ങളെ നാം നേരിടുന്നു. സമയബന്ധിതമായി തീരുമാനമെടുക്കേണ്ട സന്ദർഭങ്ങളിൽ ശരിയായ തീരുമാനമെടുക്കുവാൻ സാധിക്കാതെ വിഷമിക്കുന്നു. അങ്ങനെയുള്ളപ്പോൾ ദൈവഹിതത്തേക്കാൾ മനുഷ്യഹിതം

ആരായുവാനും ദൈവികനീതിയെക്കാൾ മാനുഷികപ്രീതി സമ്പാദിക്കുവാനും മനുഷ്യൻ ആഗ്രഹിക്കുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ താൽക്കാലിക ലാഭങ്ങളിൽ ദൈവീകമായ നിത്യസന്തോഷം നാം നഷ്ടപ്പെടുത്തും. ക്രിസ്തുമസ് നമ്മെ ഓർമ്മപ്പെടുത്തുന്നത് നിത്യമായ വെല്ലുവിളികളെ ഏറ്റെടുത്ത് ജീവിപ്പാനാകുന്നു. അതിനു ദൈവം നമ്മെ സഹായിക്കട്ടെ.

ഒരു പുതുവർഷം സമാഗതമാവുകയാണല്ലോ. യോഹന്നാൻെറ സുവിശേഷം 15-ാം അദ്ധ്യായത്തിൽ ഓർമ്മിപ്പിക്കുന്നതുപോലെ ‘എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും. കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായിപ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴിയുകയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായിക്കും.

ക്രിസ്തുവചനം നമ്മെ ബലപ്പെടുത്തട്ടെ. അവനിൽ വസിച്ച് അവൻെറ നാമമഹത്വത്തിനായി ഈ പുതുവർഷം നമുക്ക് സമർപ്പിക്കാം. നിങ്ങൾക്കേവർക്കും അനുഗ്രഹകരമായ പുതുവത്സരാശംസകളോടെ.

ക്രിസ്തുവിൽ നിങ്ങളുടെ

**ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത**

(സുൽത്താൻ ബത്തേരി ഭദ്രാസനം)



കൂനൻ കുരിശു സത്യ-പ്രഖ്യാപന ദിനം

ജനുവരി-3



# ആനന്ദത്താൽ ജ്വലിക്കുക



ഡിസംബർ – ജനുവരി മാസങ്ങളിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വാക്ക് "Happy"എന്നാവും. മനുഷ്യന് സന്തോഷിക്കുവാനുള്ള ആഗ്രഹം ഏറ്റവും കൂടുതൽ പ്രകടമാകുന്നത് ഉത്സവകാലങ്ങളിലാണ്. ആശംസിക്കുന്നത് സന്തോഷമാണെങ്കിലും എത്തിപ്പെടേണ്ട അവസ്ഥ ആനന്ദമാണ്. സന്തോഷങ്ങൾ നൈമിഷികവും ആനന്ദം നിത്യതയോളം നിലനിൽക്കുന്നതുമാണ്.

പുതുവർഷാരംഭം ഒരു കണക്കെടുപ്പിന്റെ അവസരമാണ്. ലോകത്തിലെ ആദ്യ ചരിത്രകാരനായ ഹെറോഡോട്ടസിന്റെ "The Histories" എന്ന പുസ്തകത്തിൽ "സന്തോഷം തേടിയുള്ള മനുഷ്യന്റെ ഓട്ടം" എന്ന ഒരു അദ്ധ്യായത്തിൽ ലിസിയായിലെ ക്രോഷ്യസ് ചക്രവർത്തിയെ പറ്റി പറയുന്നുണ്ട്. അദ്ദേഹത്തിന് ഒന്നിന്റെയും കുറവില്ല, ഒന്നിന്റെയും ആവശ്യവും ഇല്ല എല്ലാം അയാളുടെ കൈപിടിയിലുമാണ്. എന്നാൽ അയാൾക്ക് അറിയേണ്ടത് തന്നെക്കാൾ സന്തോഷിക്കുന്ന മനുഷ്യൻ എവിടെയെങ്കിലും ഉണ്ടോ? ഉണ്ടെങ്കിൽ അതാരാണ്? ഒടുവിൽ അത് താനല്ലെന്ന് അറിഞ്ഞപ്പോൾ അയാൾ ദൈവത്തെപ്പോലും ശപിക്കുന്നതിന് മടിക്കുന്നില്ല. എല്ലാ കാലത്തും മനുഷ്യന്റെ ഏറ്റുമുട്ടലിനു കാരണം സന്തോഷങ്ങൾ തേടിയുള്ള മനുഷ്യന്റെ പരാക്രമങ്ങൾ ആണെന്ന് ഹെറോഡോട്ടസ് പറയുന്നു. പുറത്തുനിന്നുണ്ടാകുന്ന ഒന്നാണ് സന്തോഷം, പുറത്തുനിന്നുണ്ടാകുന്ന എന്തിനും അതിനെ ഇല്ലാതാക്കുവാൻ കഴിയും. ആനന്ദം കൊണ്ട് ജ്വലിക്കുന്ന ഒരാൾക്ക് തന്റെ ചുറ്റുമുള്ള എല്ലാവരിലേക്കും അതിന്റെ പ്രതിഫലനം പകരാൻ സാധിക്കും.

"Happy"എന്ന വാക്കിന്റെ വിശാലമായ അർത്ഥവും അതിന്റെ നിയോഗവും ഏറ്റെടുക്കുവാൻ പുതുവർഷത്തിൽ നമുക്കേവർക്കും സാധിക്കട്ടെ.

ഏവർക്കും നന്മ നിറഞ്ഞ പുതുവർഷാശംസകളോടെ

**ഫാ: എം.ബി.ജോർജ്**
വികാരി
E-mail: frmbgs@gmail.com
Mob: 39445358

**ഫാ: ജോഷ്വാ ഏബ്രഹാം**
സഹവികാരി
E-mail: jabrahamachen@gmail.com
Mob: 39584020





കർത്താവിൽ പ്രിയ ഇടവകാംഗങ്ങളെ

ഏവർക്കും സമാധാനവും സന്തോഷവും നിറഞ്ഞ ക്രിസ്തുമസ് പുതുവത്സരാശംസകൾ നേരുന്നു. ക്രിസ്തുമസ് പുതുവത്സര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ച സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ അഭി. ഏബ്രഹാം മാർ എപ്പിഫാനിയോസ് തിരുമനസ്സിന് ഇടവകയുടെ നാമത്തിലുള്ള പ്രത്യേകമായ നന്ദി അറിയിക്കുന്നു.

2016 വർഷക്കാലം ഈ മാനേജിംഗ് കമ്മറ്റിയോട് ചേർന്ന് പ്രവർത്തിച്ച ബഹു: വർഗ്ഗീസ് യോഹന്നാൻ അച്ചൻ, എം.ബി. ജോർജ്ജ് അച്ചൻ, ജോഷ്വ ഏബ്രഹാം അച്ചൻ എന്നിവരോടും ഉള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു. പോയ വർഷം ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും കൂട്ടായി പ്രവർത്തിച്ച എല്ലാ ആദ്ധ്യാത്മിക സംഘടനകൾ, ഇതര പ്രവർത്തനങ്ങൾക്കായി ചുമതലയേറ്റ് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച സബ് കമ്മറ്റികൾ, അൽപ്പമായും അധികമായും സഹായിച്ച ഇടവക ജനങ്ങൾ, അതിലുപരി ഇടവകയുടെ ഭരണം സുഗമം ആക്കുവാൻ ഞങ്ങളോടൊത്ത് പ്രവർത്തിച്ച കമ്മറ്റിഅംഗങ്ങൾ, ഏവരോടുമുള്ള നന്ദിയും സ്നേഹവും ഈ അവസരത്തിൽ അറിയിക്കുന്നു.

ദൈവം മനുഷ്യരാശിക്ക് നൽകുന്ന വലിയ ദാനമാണ് ഈ ആയുസും ഈ സൗഭാഗ്യങ്ങളും. പോയ വർഷം വിലയിരുത്തിയാൽ വളരെയേറെ ദുരന്തങ്ങളും ഭീകരമായ അന്തരീക്ഷവും ലോകത്തിൻെറ പല ഭാഗങ്ങളിലും അരങ്ങേറിയപ്പോൾ മറുവശത്ത് ദൈവത്തിൻെറ അത്ഭുതകരമായ നടത്തിപ്പും നമുക്ക് കാണുവാൻ സാധിച്ചു. നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം ജീവിതത്തിൻെറ എപ്പോഴുമുള്ള ഭാഗമാണ്. അവിടെ ക്രിസ്തീയ സഭയുടെ മക്കൾ എന്നുള്ള നിലയിൽ നമുക്കുള്ള പ്രത്യേകമായ ഉത്തരവദിത്വം നന്മയുടെ ഭാഗത്ത് നിന്നുകൊണ്ട് തിന്മയെ ഈ ലോകത്തുനിന്ന് നീക്കം ചെയ്യുവാൻ എല്ലാ കഴിവും ഉപയോഗിച്ച് പോരാടുക എന്നതാണ്. അതിന് ത്യാഗവും സഹനവും അനിവാര്യമാണ്. മനുഷ്യൻ കൂടുതൽ സ്വാർത്ഥനാകുന്തോറും ലോകത്തിൽ സംഘർഷം കൂടുന്നു. ഈ സ്വാർത്ഥത വ്യക്തികൾ, കുടുംബങ്ങൾ, രാഷ്ട്രങ്ങൾ, എന്നീ നിലയിലേക്ക് വ്യാപിക്കുമ്പോൾ അവിടെ ഭിന്നത വർദ്ധിക്കുന്നു. കലഹങ്ങളും അനർത്ഥങ്ങളും കൂടി വരുന്നു. 2017 ൽ കടക്കുമ്പോൾ സ്വാർത്ഥത മറന്ന് മറ്റുള്ളവരെ കൂടുതൽ കരുതുന്ന ജീവിത ശൈലിയിലേക്ക് മാറുവാൻ നമുക്ക് സാധിക്കണം. പുതുവർഷം ജനിക്കുന്നത് നമ്മുടെ കർത്താവായ ക്രിസ്തുവിൻെറ ജനനത്തിന് ശേഷമാണ് എന്നുള്ളത് വലിയ അർത്ഥമാണ് തരുന്നത്. അന്ധകാരത്തിൽ ജീവിച്ച ജനതക്ക് ഒരു പ്രകാശം ഉദിച്ചതാണ് ക്രിസ്തുവിൻെറ ജനനം, ആയതിനാൽ അന്ധകാരം നിറഞ്ഞ ലോകത്തിൽ ക്രിസ്തു പ്രകാശമായി നമുക്ക് ഉണ്ട് എന്നുള്ള വലിയ സന്തോഷമാണ് ഒരോ പുതിയ വർഷത്തിലേക്കും കടക്കുമ്പോൾ നമുക്ക് ഉൾക്കൊള്ളുവാനായിട്ടുള്ളത്. നന്മ തിന്മകൾ സമ്മിശ്രമായ ലോകത്ത് തിന്മയെ വെടിഞ്ഞ് നന്മയുടെ പക്ഷത്ത് നിന്ന് പ്രവർത്തിക്കുവാൻ നമുക്ക് സാധിക്കണം . ഏവർക്കും പുതുവത്സരാശംസകൾ

**ജോർജ്ജ് മാത്യു**
കത്തീഡ്രൽ ട്രസ്റ്റി

**രഞ്ജി മാത്യു**
കത്തീഡ്രൽ സെക്രട്ടറി

## Holy Qurbana Schedule

| | | |
|---|---|---|
| Danaha Perunnal Service (Friday) | : January 06 | 07:30 AM |
| Friday | : January 13, 20 & 27 | 08:00 AM |
| Saturday | : January 14 & 28 | 07:00 PM |
| Sunday | : January 08 & 22 | 07:00 PM |
| Wednesday | : January 04, 11, 18 & 25 | 07:00 PM |

## Sunday School

A "SAY" examination will be conducted on 1st January 2017, for those who failed and were not able to attend the examination on the scheduled date. Time – 9:30AM to 11:30AM

A teacher's orientation program will be conducted on 2nd January 2017 from 7:00 PM to 9:30PM. All teachers are requested to be present on time.

Sunday School will be reopened on 6th January 2017.

## Martha Mariam Samajam

| | |
|---|---|
| Meeting | : Regular meetings on January 5th & 19th at 6:00PM |

## Divya Bodhanam

| | |
|---|---|
| POCE | : Every Thursday at 8:00 PM – Abba Pithave |
| DOCE | : Every Monday at 8:00 PM – Aadhunika Bharatha Sabha |
| GOCE | : Every Tuesday at 8:00 PM – Itayante Paathayil |

## St. Paul's Suvishesha Sangam

| | |
|---|---|
| Meetings | : Regular meetings on January 07th, 15th, 21st & 29th at 7:30PM in Cathedral |

## MGOCSM

| | |
|---|---|
| Meetings | : Regular meetings on every Friday after Sunday School in Cathedral. |

## AMOSS

| | |
|---|---|
| Meetings | : Regular meetings on every Thursday after Sandhya Namaskaram |



രാജൻ പി. ജോൺ(42)

## ആദരാഞ്ജലികൾ

നമ്മുടെ ഇടവകാംഗം കുന്നന്താനം പല്ലാട്ട് വീട്ടിൽ ശ്രീ. രാജൻ പി. ജോൺ (റോൾ നമ്പർ:1654) 22/12/2016 വ്യാഴാഴ്ച്ച രാവിലെ കർത്താവിൽ നിദ്ര പ്രാപിച്ചു.

EDITORIAL BOARD

Chief Editor : Shibu C. George
Editor : Siju John
Graphics & Layout : Thomas Vaidyan P. K
Type Setting : Roby Punnen, Anu T. Koshy

# Cathedral New Members



**Binoj Oommen**
Koipurathu(H),
Praikara, Mavelikara
Roll No. : 2616
Mobile : 39318079
Home Parish : St. Mary's Orthodox Cathedral
Diocese : Mavelikara
Area : Church South



**Sujit Joy**
Manapurathu(H),
Adoor, Pathanamthitta
Roll No. : 2617
Mobile : 36866863
Home Parish : St. Mary's Orthodox Church
Diocese : Adoor - Kadampanad
Area : Hoora

---



**Jijin John Mathew**
Mallappallil(H),
Kadapra, Pathanamthitta
Roll No. : 2618
Mobile : 33298364
Home Parish : St. Mary's Orthodox Church
Diocese : Chengannur
Area : Adliya – Um Al Hassam



**Jojy Mathew George**
Vallivilayil(H),
Adoor, Pathanamthitta
Roll No. : 2619
Mobile : 39017481
Home Parish : St. Kuriakose Orthodox Valiyapally
Diocese : Adoor -Kadampanad
Area : Gudaibiya

---



**Anoop Mathew**
Padinjare Nambozhil(H),
Kudassanad, Pandalam
Roll No. : 2620
Mobile : 39610856
Home Parish : St. Stephens Orthodox Cathedral
Diocese : Chengannur
Area : Salmaniya



**Sibi Baby**
Sibi Bhavan,
Kadampanad, Adoor
Roll No. : 2621
Mobile : 34588427
Home Parish : St. Thomas Orthodox Cathedral
Diocese : Adoor- Kadampanad
Area : Riffa-Sitra

---



**Jibin Sam Thomas**
Mannarieth House,
Poomala, Trissur
Roll No. : 2622
Mobile : 33516863
Home Parish : St. George Orthodox Church
Diocese : Kunnamkulam
Area : Riffa-Sitra



**Laljo George**
Kochuparambil,
Kurampala, Pandalam
Roll No. : 2623
Mobile : 39745494
Home Parish : St. Gregorios Orthodox Church
Diocese : Adoor- Kadampanad
Area : Manama

---



**Ronnie Mathew**
Chavadiyil House,
Vikas Bhavan, Thiruvananthapuram
Roll No. : 2624
Mobile : 38823648
Home Parish : St. Thomas Orthodox Church
Diocese : Thiruvananthapuram
Area : Church South



**Shibu Yohannan**
Chandravelil Padinjatethil,
Thattayil, Adoor
Roll No. : 2626
Mobile : 34318583
Home Parish : St. George Orthodox Church
Diocese : Thumpamon
Area : Gafool-Khamis

---



**Joji Thankachan**
Kallakadavil House,
Kudassanad, Pandalam
Roll No. : 2627
Mobile : 33490372
Home Parish : St. Stephen's Orthodox Cathedral
Diocese : Chengannur
Area : Isatown-Salmabad



**Shiju Varghese**
Mundatunkuzhy,
Kallumkal, Thiruvalla
Roll No. : 2628
Mobile : 36975393
Home Parish : St. Ignatious Orthodox Church
Diocese : Chengannur
Area : Isatown-Salmabad

# Cathedral New Members



**Liju Varghese**
Mundatunkuzhy,
Kallumkal, Thiruvalla
Roll No. : 2629
Mobile : 36877927
Home Parish : St. Ignatious Orthodox Church
Diocese : Chengannur
Area : Isatown-Salmabad



**Blesson Mathew**
Marukummoottil,
Ulickal, Kannur
Roll No. : 2630
Mobile : 38892951
Home Parish : St. George Orthodox Church
Diocese : Sulthan Bathery
Area : American Mission



**Renjith Mathew**
Madathil House,
Konni, Pathanamthitta
Roll No. : 2631
Mobile : 33143109
Home Parish : St. George Orthodox Church
Diocese : Thumpamon
Area : Muharraq



**Regimon C.L**
Charuvila Puthenveedu,
Pathanapuram,Kollam
Roll No. : 2632
Mobile : 38850947
Home Parish : St. Mary's Orthodox Church
Diocese : Kottarakara-Punalur
Area : Hoora



**Thomas P. Simon**
Painummoottil,
Omalloor, Pathanamthitta
Roll No. : 2633
Mobile : 39310008
Home Parish : St. Mary's Orthodox Valiyapally
Diocese : Thumpamon
Area : Gudaibiya



**Benny Mathew**
Karithadathil House,
Thirumarayoor, Ernakulam
Roll No. : 2634
Mobile : 33957067
Home Parish : Mar Behanan Orthodox Church
Diocese : Cochin
Area : Hoora



**Shawn Mathew Abraham**
Nellikunnathu House,
Elanthoor, Pathanamthitta
Roll No. : 2635
Mobile : 33194101
Home Parish : St. Peter's Orthodox Church
Diocese : Thumpamon
Area : Riffa-Sitra



**Suraj Joy Tharakan**
Manapurathu Joy Villa,
Vayala, Adoor
Roll No. : 2636
Mobile : 38931218
Home Parish : St. Mary's Orthodox Church
Diocese : Adoor- Kadampanad
Area : Hoora



**Mathews Kurien**
Koippallil House,
Kunnom, Mavelikara
Roll No. : 2637
Mobile : 36999325
Home Parish : St. George Orthodox Church
Diocese : Mavelikara
Area : Isatown-Salmabad



**Manu Abraham**
Payyampallil House,
Cherupuzha, Kannur
Roll No. : 2638
Mobile : 33846643
Home Parish : St. George Orthodox Church
Diocese : Brahmavar
Area : Adliya – Um Al Hassam



**Binu Thomas**
Vilayil Puthenveedu,
Padanilam, Nooranadu
Roll No. : 2639
Mobile : 34366248
Home Parish : St. Thomas Orthodox Church
Diocese : Chengannur
Area : American Mission



**Shiju S. Jacob**
Peace Cottage,
Karamcodu, Kollam
Roll No. : 2640
Mobile : 38043828
Home Parish : St. George Orthodox Church
Diocese : Thiruvananthapuram
Area : Riffa-Sitra





**Mathew Tharakan & Family**





**Siju K George & Sunitha Siju**
**Blessen George, Danaha Susan**

| Date | Time | Area | Address / Venue |
|---|---|---|---|
| 06/01/2017 Friday | 04.00 pm | Riffa-Sitra | **Mr. Ivan Thomas** Villa No. 394, Road 2516, Block 925, Mobile: 39646453 |
| 06/01/2017 Friday | 06.00 pm | Manama | **Mr. Reji Baby** Mobile: 39479353 |
| 06/01/2017 Friday | 06.00 pm | Church North | **Mr. Shaji George** Flat No. 2, Bldg. 984, Road 1134, Block 311, Mobile: 39461680 |
| 06/01/2017 Friday | 07.30 pm | Church South | **Mr. A.V. George** Flat No. 14, Bldg. 220, Road 1111, Block 311, Mobile: 39442169 |
| 06/01/2017 Friday | 07.30 pm | Sh. Hamad Lulu | **Mr. Varkey Thomas(Shiju)** Flat No. 13(A4), Bldg. 959, Road 319, Block 303, Mobile: 39290631 |
| 13/01/2017 Friday | 06.00 pm | American Mission | **Mr. Rexy Varghese** Flat No. 15, Bldg. 85, Al-Hoora Avenue Mobile: 35943256 |
| 13/01/2017 Friday | 07.30 pm | Hoora | **Mr. Robby George** Flat No. 22, Bldg. 129, Road 2004, Block 320, Mobile: 36979722 |
| 13/01/2017 Friday | 07.30 pm | Gudaibiya | **Mr. Don K. George** Theophilus Hall Mobile: 34386096 |
| 20/01/2017 Friday | 06.00 pm | Gafool - Khamis | **Mr. Blessan K. George** Flat No. 21, Bldg. 386, Road 1210, Block 312, Mobile: 39884658 |
| 20/01/2017 Friday | 06.00 pm | Sugaiya-Zinj | **Mr. Varghese Mathew** Flat No. 32, Bldg. 614, Road 3312 Block 333, Mobile: 39436783 |
| 20/01/2017 Friday | 07.30 pm | Adliya Um Al Hassam | **Mr. Sam Scaria** Theophilus Hall Mobile: 36040707 |
| 20/01/2017 Friday | 07.30 pm | Salmaniya | **Mr. Jacob Mathew** Flat No. 22, Bldg. 672, Road 2913, Block 329, Mobile: 66900200 |
| 27/01/2017 Friday | 07.30 pm | Isatown-Salmabad | **Mr. Mathai Saji** Flat No. 17, Bldg. 4568, Road 77A, Block 721, Mobile: 38311568 |
| 27/01/2017 Friday | 07.30 pm | Muharraq | **Mr. Thomas Samuel** Flat No. 11, Bldg. 52, Road 701, Block 207, Mobile: 37778582 |



# വഴി കാട്ടുവിൻ........



ലോകരക്ഷകൻെറ തിരുപ്പിറവി ലോകമെങ്ങും ആവേശത്തോടെ കൊണ്ടാടി, രക്ഷകൻെറ തിരുജനനം മാലോകർ മനം നിറഞ്ഞാഘോഷിച്ചു, ഹൃദയപുൽക്കൂട്ടിൽ പിറവിയെടുത്ത ദൈവപുത്രനെ ഉള്ളിൽ വഹിച്ചുകൊണ്ട് ആയുസ്സിൻെറ അടുത്ത പടവുകയറുവാനുള്ള യാത്രയിലാണു നാം... ഒരു പുതുവർഷപ്പുലരിയുടെ പടിവാതിലിൽ.

രക്ഷകൻെറ വരവറിയിച്ചുകൊണ്ടുള്ള നക്ഷത്രം കിഴക്കുദിച്ചത് ഇരുളിലായിരുന്നു. ഇരുട്ടിൽ ഇരുന്ന ജനം വലിയോരു പ്രകാശം കണ്ടു, അന്ധകാരം ബാധിച്ച ജനതയുടെ മേൽ വെളിച്ചം പ്രകാശിച്ചു, കാലഘട്ടത്തിൻെറ പ്രകാശഗോപുരങ്ങളായി, രക്ഷൻെറയടുത്തേക്ക്..., രക്ഷയുടെ മാർഗ്ഗത്തിലേക്കുള്ള വഴിതെളിയ്ക്കുന്ന നക്ഷത്രങ്ങളായി ശോഭിയ്ക്കാം.. അന്ധകാരത്തിൽ പ്രകാശിച്ച നക്ഷത്രം അത്ഭുതശോഭ പരത്തിയതുപോലെ പാപത്തിൻെറ, അസഹിഷ്ണുതയുടെ, പ്രതികാരത്തിൻെറ അന്ധകാരത്തിന്മേൽ രക്ഷയുടെ പ്രകാശം പരക്കുവാൻ പുതുവർഷത്തിൽ പുതിയതീരുമാനത്തോടെ മുന്നേറാം.. സഹോദരനു നേരേ ഓങ്ങിയ വാളുകൾ അവനു നേരേ നീട്ടുന്ന പൂച്ചെണ്ടുകളാക്കി പുതുവർഷത്തിൽ മാറ്റാം.

ബഹറിൻ സെൻറ് മേരീസ് ഇൻഡ്യൻ ഓർത്തഡോക്സ് കത്തീഡ്രലിൻെറ വാർത്താ പ്രസിദ്ധീകരണമായ 'മരിയൻ' (Marian) മാഗസിൻ 2016ലെ 12 മാസവും പ്രസിദ്ധീകരിക്കുവാൻ ദൈവത്തിൻെറ അളവറ്റ കൃപയാൽ സാധിച്ചു. അതിൻെറ അമരക്കാരായി പ്രവർത്തിക്കുവാൻ അനുവാദം നൽകിയ മാനേജിംഗ് കമ്മിറ്റിയോടുള്ള നന്ദി അറിയിക്കുന്നു. കത്തീഡ്രലിൻെറ ഓരോ മാസത്തെയും ആരാധനാ സമയങ്ങൾ, പ്രധാനപ്പെട്ട പ്രോഗ്രാമുകൾ, ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ, ഏരിയാ പ്രാർത്ഥനാ സമയങ്ങൾ, പുതിയ അംഗങ്ങളെ പരിചയപ്പെടുത്തൽ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് വ്യത്യസ്തതയോടും പുതിയ അറിവുകളോടും കൂടി 12 മാസവും മാസാരംഭത്തിനു തൊട്ടു മുൻപുള്ള വെള്ളിയാഴ്ചകളിൽ തന്നെ 'മരിയൻ' ഇടവകജനങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യം ഉണ്ട്.

കഴിഞ്ഞ ഒരു വർഷക്കാലം 'മരിയൻ' മാഗസിനിലേക്ക് ആത്മീയസന്ദേശം നൽകി സമ്പന്നമാക്കിയ അഭി. തിരുമേനിമാർ, കത്തീഡ്രൽ മുൻവികാരി ബഹു. വർഗ്ഗീസ് യോഹന്നാൻ വട്ടപ്പറമ്പിലച്ചൻ, ഇപ്പോഴത്തെ വികാരി ബഹു. എം.ബി. ജോർജച്ചൻ, സഹവികാരി ബഹു. ജോഷ്വാ ഏബ്രഹാമച്ചൻ, സമകാലിക സംഭവങ്ങൾ ഉൾപ്പെടുത്തി സന്ദേശങ്ങൾ നൽകിയ കത്തീഡ്രൽ ട്രസ്റ്റി ശ്രീ. ജോർജ്ജ് മാത്യു, കത്തീഡ്രൽ സെക്രട്ടറി ശ്രീ. രഞ്ചി മാത്യു എന്നിവരോട് എഡിറ്റോറിയൽബോർഡിൻെറ സന്തോഷം പങ്കുവെക്കുന്നു. മരിയൻ പ്രസിദ്ധീകരിക്കുവാൻ ഉപകാരസ്മരണകൾ, മാതാപിതാക്കളുടെ ഓർമ്മകൾ എന്നിവ നൽകി സാമ്പത്തികമായി സഹകരിച്ച സ്നേഹസമ്പന്നരായ ഏവരോടുമുള്ള നന്ദി അറിയിക്കുന്നു.

യാതൊരു പ്രതിഫലേച്ഛയും കൂടാതെ ഇതിൻെറ ഡിസൈൻ വർക്കുകൾ ചെയ്തു തന്ന ശ്രീ. തോമസ് വൈദ്യൻ, ശ്രീ. ബിനു വേലിയിൽ, ഫോട്ടോകൾ നൽകി സഹായിച്ച ശ്രീ. ഡിജു ജോൺ, ശ്രീ. ജിനോ എസ്. തോമസ്, ടൈപ്പ് സെറ്റിംഗ് ചെയ്തു തന്ന ശ്രീ. റോബി പുന്നൻ, ശ്രീ. അനു റ്റി. കോശി, ശ്രീമതി മഞ്ജു റോബി എന്നിവരോടും, ഇതിൻെറ അച്ചടി ജോലികൾ ഭംഗിയായി നിർവ്വഹിച്ച 'നജാ പ്രസ്' ശ്രീ. കെ. ജോർജ്ജുകുട്ടിയോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

പരിശുദ്ധ കന്യകമറിയം അമ്മയുടെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും ഈ ഇടവകയ്ക്കും നാം ഓരോരുത്തർക്കും അനുഗ്രഹമായി തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ പ്രവർത്തനങ്ങൾ മുഖാന്തിരം സ്വർഗ്ഗം ആനന്ദിക്കുന്ന ഒരു പുതുവത്സരമാകട്ടെ 2017 എന്നാശംസിക്കുന്നു.

കൃതജ്ഞതയോടെ,

**ഷിബു സി. ജോർജ്** 
ചീഫ് എഡിറ്റർ

**സിജു ജോൺ** 
എഡിറ്റർ

***In Ever Loving Memory of Our Beloved Mummy***

**4th Death Anniversary**

**(16-01-2017)**



*"I have fought the good fight, I have finished the race, I have kept the faith."* *(2 Timothy 4:7)*

**Pennamma Varghese**

Biju Villa, Payyanamon P.O, Konni

***With loving memories:-***

K. Varghese, Beena Mathew & Family

Binu Varghese & Family, Biju Varghese & Family